LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണം സുഗമമാക്കാൻ നടപടി

75 (2173) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആങ്കോട്-മണ്ണാറക്കോണം ബണ്ട് റോഡ് വഴിയുള്ള പൈപ്പ്ലൈൻ തുടർച്ചയായി പൊട്ടുന്നതുമൂലം ഈ പ്രദേശത്തേക്കുള്ള കുടിവെള്ള വിതരണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശത്തെ ജലവിതരണം സുഗമമായി നടത്തുവാൻ വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടൽ ശാശ്വതമായി പരിഹരിച്ച് കുടിവെള്ള വിതരണം സുഗമമായി നടത്തുവാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ ബണ്ട് റോഡിന്റെ ഒരു ഭാഗം ഇക്കഴിഞ്ഞ മഴക്കാലത്ത് തകർന്നതുകാരണം 30 മീറ്ററോളം പൈപ്പ് ലൈൻ ഒലിച്ചുപോയിട്ടുണ്ട്. ബണ്ട് റോഡിന്റെ മറുഭാഗത്ത് ഉദ്ദേശം 300 മീറ്ററോളം പൈപ്പ്ലൈൻ കാലാകാലങ്ങളിലുള്ള മണ്ണാഖിപ്പുകാരണം മുകളിലാവുകയും അതുകൊണ്ട് ഇടക്കിടെ പൊട്ടുകയും ചെയ്യുന്നുണ്ട്. തകർന്ന ബണ്ട് റോഡ് പുനഃസ്ഥാപിച്ചതിന് ശേഷം മാത്രമേ പ്രസ്തുത പൈപ്പ് മാറ്റി സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത പൈപ്പ് ലൈൻമാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഈ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്ന പണിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ്, ടെക്നിക്കൽ സ്പെഷ്യൽ റൂൾസ്

76 (2174) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജലവിഭവ വകുപ്പ് കേരള പി.എസ്.സി.യിൽ സമർപ്പിച്ചിരിക്കുന്ന വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) സൂക്ഷ്മ പരിശോധനയ്ക്ക് എപ്പോഴാണ് സമർപ്പിച്ചത്;